പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2151 07.12.2015-ൽ മറുപടിക്ക്

കെ.എസ്സ്.ആർ.ടി.സി സർവ്വീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്സ്.ആർ.ടി.സി ഏതൊക്കെ തരത്തിലുള്ള (ഓർഡിനറി, ഫാസ്റ്റ്) സർവ്വീസുകളാണ് ഇപ്പോൾ നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി, ഓർഡിനറി, സിറ്റി, സിറ്റി ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഡീലക്സ്, ഹൈടെക് ലക്ഷ്വറി, സിൽവർ ലൈൻ ജെറ്റ്, വോൾവോ എന്നീ തരം സർവ്വീസുകളാണ് നടത്തി വരുന്നത്. |
| (ബി) | ഓരോ സർവ്വീസിനും എത്ര ബസ്സുകളാണ് ഉപയോഗിക്കുന്നത് ; ഓരോ തരത്തിലുള്ള ബസ്സുകൾ ദിവസേന എത്ര സർവ്വീസുകൾ നടത്തുന്നുണ്ട് ; | (ബി) | Volvo 13, Super Deluxe - 50, Super Express - 52, Super Fast - 367, Fast Passenger - 1157, City Fast - 208, Vestibule - 1, Double Decker - 2, Ordinary - 3765, Mini 3 എന്നിങ്ങനെ 5618 ബസുകളാണ് ഉപയോഗിക്കുന്നത്. 30.11.2015 ലെ കണക്കനുസരിച്ച് 4704 ബസ്സുകൾ സർവ്വീസ് നടത്തിയിട്ടുണ്ട്.<br>ചുവടെ പറയുന്ന രീതിയിൽ സർവ്വീസുകൾ നടത്തുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത്.<br>1. വോൾവോ - 6 സർവ്വീസ്<br>2. ഹൈടെക് ലക്ഷ്വറി - 5 സർവ്വീസ്<br>3. സൂപ്പർ ഡീലകസ് - 25 സർവ്വീസ്<br>4. സൂപ്പർ എക്സ്പ്രസ് - 32 സർവ്വീസ്<br>5. സൂപ്പർ ഫാസ്റ്റ് - 259 സർവ്വീസ്<br>6. ഫാസ്റ്റ് പാസഞ്ചർ - 837 സർവ്വീസ്<br>7. ഓർഡിനറി - 4008 സർവ്വീസ്<br>8. സിറ്റി ഫാസ്റ്റ് - 249 സർവ്വീസ്<br>9. സിറ്റി - 354 സർവ്വീസ് |

| | | | |
|---|---|---|---|
| (സി) | എത്ര വിദ്യാർത്ഥികൾക്കാണ് കൺസെഷൻ ടിക്കറ്റുകൾ വിതരണം ചെയ്തിട്ടുള്ളത് ; | (സി) | 2014-15 സാമ്പത്തിക വർഷം 6,43,792 കൺസഷൻ ടിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | കൺസെഷൻ ടിക്കറ്റുകൾ ഉപയോഗിച്ച് ഏതെല്ലാം തരം സർവ്വീസ് ബസ്സുകളിലാണ് യാത്ര ചെയ്യാൻ അനുവദിച്ചിട്ടുള്ളത് ; | (ഡി) | ടൗൺ ടു ടൗൺ ഒഴികെയുള്ള എല്ലാത്തരം ഓർഡിനറി സർവ്വീസുകളിലും കൺസഷൻ ടിക്കറ്റ് ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതാണ്. |
| (ഇ) | സ്ക്കൂൾ കുട്ടികൾക്ക് കൺസെഷൻ ഉപയോഗിച്ച യാത്ര ചെയ്യാൻ വളരെ പരിമിത സൗകര്യമേ ലഭിക്കുന്നുള്ളൂ എന്നത് പരിഗണിച്ച്, സിറ്റി ഫാസ്റ്റ് പോലുള്ള ബസ്സുകളിൽ കൂടി യാത്രാനുമതി നൽകുമോ? | (ഇ) | 4008 ഓർഡിനറി സർവ്വീസുകൾ നടത്തുന്നതിന് അനുവാദം നൽകിയിട്ടുള്ള സാഹചര്യത്തിൽ സിറ്റി ഫാസ്റ്റ് പോലുള്ള സർവ്വീസുകളിൽ കൺസഷൻ ടിക്കറ്റ് ഉപയോഗിച്ചുള്ള യാത്ര അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ